# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4664 04.02.2014 ലെ മറുപടിയ്ക്ക്

## സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് നൽകുന്ന സൗകര്യങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; | (എ) സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് ലിഫ്റ്റ്, റാമ്പ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് സെക്രട്ടേറിയറ്റ് അടക്കമുള്ള കെട്ടിടങ്ങളിൽ ഇതിനകം തന്നെ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. |
| (ബി) പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) അംഗവൈകല്യമുള്ള സന്ദർശകർ ഉൾപ്പെടെയുള്ളവർക്ക് സർക്കാർ കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ബി) & (സി) പുതുതായി നിർമ്മിക്കുന്ന എല്ലാ സർക്കാർ കെട്ടിടങ്ങളിലും ഇത്തരം സൗകര്യങ്ങളും പ്രത്യേക ടോയ് ലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ട് 10.04.2012 ലെ സ.ഉ.(കയ്യെഴുത്ത്) നം.35/2012/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുവേണ്ടി കെട്ടിടങ്ങളുടെ ഡിസൈനുകളിൽ സമുചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന സാമ്പത്തിക സഹായം ഇക്കാര്യത്തിൽ ഉപയോഗിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

Mayed

**സെക്ഷൻ ഓഫീസർ**